II ഇ.ബി.XIV-കേരള നിയമസഭ/IV-8

**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2017 മാർച്ച് 9, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

23(*211) വനാവകാശത്തിന്റെ അടിസ്ഥാനത്തിലുള്ള ഭൂമി

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) നൽകിയ മറുപടിയിൽ, വനാവകാശ നിയമം പൂർണ്ണ തോതിൽ സംസ്ഥാനത്ത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണെന്നും അതനുസരിച്ച് 25,081 പേർക്ക് 33,778 ഏക്കർ സ്ഥലം വിതരണം ചെയ്യുകയും 164 സാമൂഹിക അവകാശങ്ങൾക്കും 204 ഏക്കർ ഭൂമിയുടെ വികസന അവകാശങ്ങൾക്കും അംഗീകാരം

നൽകുകയും ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 2006-ൽ നിലവിൽ വന്ന കേന്ദ്ര വനാവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ ഇതുവരെ ലഭിച്ച 38164 അപേക്ഷകളിൽ 8008 അപേക്ഷകൾ നിരസിക്കപ്പെടുകയും 2006-11-ൽ 16,723 പേർക്ക് 20,502 ഏക്കർ ഭൂമി വിതരണം ചെയ്യുകയും അക്കാലത്ത് നടപടിക്രമങ്ങൾ പൂർത്തീകരിച്ച 5720 പേർക്കും 2011-16-ൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച 2502 പേർക്കുമുൾപ്പെടെ 8222 പേർക്ക് 2011-16-ൽ ആർ.ഒ.ആർ നൽകുകയും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 136 പേർക്ക് ആർ.ഒ.ആർ. നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 5075 അപേക്ഷകളിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് 31.03.2017-നകം വിതരണം ചെയ്യാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ ചാലക്കയം, മൂഴിയാർ മേഖലകളിലെ 25 മലമ്പണ്ടാര സമുദായത്തിൽപ്പെട്ടവർക്കും എറണാകുളം ജില്ലയിലെ താളുകണ്ടം പുനരധിവാസ കോളനിയിലും തൃശ്ശൂർ ജില്ലയിലെ ഒളകര കോളനിയിലെ 40 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും പാലക്കാട് ജില്ലയിലെ ജില്ലാതല കമ്മിറ്റി അംഗീകരിച്ച 63 കുടുംബങ്ങൾക്കും വനം വകുപ്പിന്റെ എതിർപ്പുകാരണം വനാവകാശരേഖ നൽകാൻ കഴിഞ്ഞിട്ടില്ലെന്നും

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന അർഹതയുള്ള എല്ലാപേർക്കും വനാവകാശ നിയമപ്രകാരമുള്ള ഭൂമി സമയബന്ധിതമായി നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നതായും മന്ത്രി വ്യക്തമാക്കി. സുപ്രീംകോടതി വിധിപ്രകാരം ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി ലഭിച്ച 19000 ഏക്കർ ഭൂമിയിൽ വാസയോഗ്യമായ 7000-ത്തോളം ഏക്കർ ഭൂമിയുണ്ടായിരുന്നു. അതിൽ ആയിരത്തോളം ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ബാക്കി സുപ്രീംകോടതിയുടെയും കേരള ഹൈക്കോടതിയുടെയും വിധി അനുസരിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അട്ടപ്പാടിയിൽ ശിശുമരണനിരക്ക് ദേശീയ ശരാശരിയേക്കാൾ കുറച്ചുകൊണ്ടുവരികയും ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യം, പോഷകാഹാരം എന്നീ വിഷയങ്ങളിൽ ഫലപ്രദമായ ഇടപെടൽ നടത്തുകയും ചെയ്യുന്നതാണ്. വനാന്തരത്തിൽ താമസിക്കുന്ന ആദിവാസികൾ വന്യജീവികളുടെ ആക്രമണംമൂലം മരണപ്പെട്ടാൽ 5 ലക്ഷം രൂപ വനം വകുപ്പ് നൽകുകയും വനത്തിനുള്ളിൽ റോഡ് ഉൾപ്പെടെ എല്ലാവിധ പശ്ചാത്തല സൗകര്യവും ഒരുക്കുന്നതിനുള്ള ശ്രമം നടത്തുകയും ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമിയിൽ കൃഷി ചെയ്യുന്നതിനും വനവിഭവങ്ങൾ എടുക്കുന്നതിനും അനുവദിക്കപ്പെട്ട മരങ്ങൾ

മുറിക്കുന്നതിനുമുള്ള അവകാശത്തെ സംബന്ധിച്ച് റവന്യൂ, വനം വകുപ്പുമന്ത്രിമാരുമായി ചർച്ച ചെയ്ത് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആദിവാസികളുടെ പാരമ്പര്യ ഭക്ഷണസാധനങ്ങൾ ഉത്പാദിപ്പിക്കുന്നതിനും വിതരണം നടത്തുന്നതിനുമുള്ള ഒരു പ്രത്യേക പ്രോജക്ട് കൃഷി വകുപ്പ് നടപ്പിലാക്കുന്നുണ്ടെന്നും ഇടുക്കി കളക്ടറേറ്റിൽ 6 വർഷമായി സമരം നടത്തുന്ന ആദിവാസികൾക്ക് പട്ടയം നൽകുന്നതിനുള്ള സാധ്യത റവന്യൂ വകുപ്പ് പരിശോധിക്കുന്നതായും ആലത്തൂർ താലൂക്കിലെ ആദിവാസികളുടെ പ്രശ്നം ജനപ്രതിനിധികളുടെ സഹകരണത്തോടെയും ആദിവാസികളെ വിശ്വാസത്തിലെടുത്തും പരിഹരിക്കാൻ ശ്രമിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് നൽകുന്ന ഭൂമിയിൽ കൃഷി ചെയ്യുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് പ്രശ്നമുണ്ടായാൽ അതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്ന് ഒരു ഉപചോദ്യത്തിലിടപെട്ട് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി വ്യക്തമാക്കി.

24(*212) <u>പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമ പദ്ധതികൾ</u>

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും

സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ്, ഓവർസീസ് സ്കോളർഷിപ്പ്, ഒ.ഇ.സി. ലംപ്സം ഗ്രാന്റ്, ഒ.ഇ.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്നീ വിദ്യാഭ്യാസ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കുന്നതെന്നും അതിനുപുറമെ പരമ്പരാഗത തൊഴിലുകൾ നവീകരിക്കുന്നതിനുള്ള പദ്ധതികളും ആട്ടോമൊബൈൽ മേഖലയിൽ തൊഴിൽ പരിശീലനം, മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം, ബാർബർ തൊഴിലാളികൾക്കുള്ള ധനസഹായം, പരമ്പരാഗത കരകൗശല പണിക്കാർക്കുള്ള നൈപുണ്യ വികസന പരിശീലനം, ടൂൾകിറ്റ് വിതരണത്തിനുള്ള ധനസഹായം എന്നിവയും നടപ്പിലാക്കുന്നതായും അതിന് തിരിച്ചടവില്ലാത്ത ഗ്രാന്റായി 16 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കൂടാതെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സംരംഭകത്വ പരിശീലനവും സ്വയംതൊഴിൽ വായ്പയും നൽകുന്നതിനുവേണ്ടി 'ദിശ 2017' എന്ന പരിപാടി സംഘടിപ്പിക്കുകയും

ഈ പദ്ധതിക്കായി 2017-18-ൽ 250 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം കോർപ്പറേഷൻ തലത്തിലും സർക്കാർ തലത്തിലും അവലോകനം ചെയ്യുന്നുണ്ട്. കോർപ്പറേഷന്റെ കീഴിൽ ഗുണഭോക്താക്കളുടെ ഉത്പന്നങ്ങൾക്ക് സ്ഥിരം വിപണന/പ്രദർശന സംവിധാനം ഏർപ്പെടുത്തുന്നതിനും കലാപ്രകടനങ്ങൾ നടത്തുന്നതിനുമായി ടൂറിസം സാധ്യതകൾകൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് അനുയോജ്യമായ സ്ഥലം കണ്ടെത്തി 3 ക്രാഫ്റ്റ് വില്ലേജുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കോർപ്പറേഷന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി പത്ത് ഉപജില്ലാ ഓഫീസുകൾകൂടി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന 20 ലക്ഷം രൂപ വരെയുള്ള വിദ്യാഭ്യാസ വായ്പ 4 ശതമാനം പലിശ നിരക്കിലും 10 ലക്ഷം രൂപവരെയുള്ള സ്വയംതൊഴിൽ വായ്പ 5 ശതമാനം പലിശ നിരക്കിലും സി. ഡി. എസ്-കൾക്കുള്ള മൈക്രോ ക്രെഡിറ്റ് വായ്പ 3.5 ശതമാനം പലിശ നിരക്കിലും മഹിളാസമൃദ്ധിയോജന പദ്ധതിക്ക് 2.5 ശതമാനം പലിശ നിരക്കിലുമാണ് തുക അനുവദിക്കുന്നത്. വായ്പയുടെ സെക്യൂരിറ്റി ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങൾ സ്വീകരിക്കണ

മെന്നതിനെക്കുറിച്ച് പരിശോധിക്കാമെന്നും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള സംവരണം മുഖ്യമന്ത്രി ചെയർമാനായ റിവ്യൂ കമ്മിറ്റി കൃത്യമായി പരിശോധിക്കുന്നുണ്ടെന്നും സ്വകാര്യ മേഖലകളിൽ സംവരണം ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് പരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. ഒ. ഇ. സി. വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് കുടിശ്ശിക അടിയന്തരമായി കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് ഒരു ഉപചോദ്യത്തിൽ ഇടപെട്ടുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കി.

25(*213) ജലവിതരണ ശൃംഖല കാര്യക്ഷമമാക്കാൻ നടപടി

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) നൽകിയ മറുപടിയിൽ , നിരന്തരം പൈപ്പ് പൊട്ടലുണ്ടാകുന്നത് ഒഴിവാക്കി ജലവിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കാലപ്പഴക്കംചെന്ന സിമെന്റ് പൈപ്പ് ലൈനുകൾ മാറ്റുന്നതിന് സ്റ്റേറ്റ് പ്ലാൻ, MLA-ADS, LSGD, Deposit work എന്നിവയിലുൾപ്പെടുത്തി കേരള ജല അതോറിറ്റി പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്നും ഇത്തരം 32 പ്രൊപ്പോസലുകൾക്ക് 21.94 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കൂടാതെ 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി 77 സ്കീമുകളിലായി 128 കിലോമീറ്റർ എ.സി. പ്രിമോ

പമ്പിംഗ് മെയിനുകൾ മാറ്റി സ്ഥാപിക്കുന്നതിന് 154 കോടി രൂപയും 174 സ്കീമുകളിലായി 488 കിലോമീറ്റർ എ.സി. പ്രിമോ ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കുന്നതിന് 371 കോടി രൂപയും നീക്കിവയ്ക്കുകയും 433.33 കോടി രൂപയുടെ 148 ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 10 മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കുമുള്ള കുടിവെള്ള പദ്ധതികൾക്ക് 909 കോടി രൂപയുടെയും മുടങ്ങിക്കിടക്കുന്ന പദ്ധതികൾക്ക് വിതരണശൃംഖല സ്ഥാപിക്കൽ, വിപുലീകരണം മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് 163.1 കോടി രൂപയുടെയും പുതിയ കുടിവെള്ള പദ്ധതികൾക്കുള്ള 185 കോടി രൂപയുടെയും അനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇത്തരം 23 പദ്ധതികൾക്ക് 11.01.2017-ലെ സർക്കാർ ഉത്തരവ് പ്രകാരം 1257.1 കോടി രൂപയുടെ ഭരണാനുമതിയും 19 പദ്ധതികൾക്ക് സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. ഭൂമി കുഴിക്കാതെ പൈപ്പിന്റെ ലീക്ക് കണ്ടുപിടിക്കാനുള്ള ആധുനിക യന്ത്രങ്ങളുടെ ഉപയോഗം വ്യാപകമാക്കുകയും വരൾച്ചക്കാലത്ത് തലസ്ഥാന നഗരിയിൽ 24 മണിക്കൂറും ജലം ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതുമാണ്. ഇത്തരം അടിയന്തര സാഹചര്യം നേരിടുന്നതിനായി 40 കോടി രൂപ

അനുവദിച്ചതിനുപുറമെ കൂടുതൽ തുക ആവശ്യമാണെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ശുദ്ധീകരിക്കാത്ത ജലം വിതരണം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടാൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമെന്നും ടെണ്ടർ നടപടികളിലെ സാങ്കേതിക തടസ്സം ഒഴിവാക്കുമെന്നും കിഫ്ബി മുഖേന 235 കോടി രൂപയുടെ ഓൺഗോയിംഗ് പദ്ധതികൾക്കുള്ള പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകിയെങ്കിലും സ്ഥലം ലഭ്യമല്ലാത്തതിനാൽ പദ്ധതികൾ വൈകുന്നതായും സ്ഥലം ലഭ്യമാക്കുന്നതിന് അതാത് പ്രദേശത്തെ ജനപ്രതിനിധികളുടെ പങ്കാളിത്തം ഉണ്ടാകണമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2494 മുതൽ 2751 വരെയുള്ള ചോദ്യങ്ങളിൽ 147 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)